"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ കടക്കാവൂർ SSPB ഹൈസ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപിക ശ്രീമതി.സീന ജെ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13568/2022 നമ്പേലുള്ള 02/06/2022 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5717/2022/GEDN തീയതി,തിരുവനന്തപുരം, 01-10-2022

പരാമർശം:-
1. ശ്രീമതി. സീന.ജെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.13568/2022 നമ്പേലുള്ള 02.06.2022 ലെ വിധിന്യായം
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/08/2022 ലെ ബി2/3573/ഡി.ഇ.ഒ/2022 നമ്പർ ഹിയറിംഗ് നോട്ട്
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22/08/2022 ലെ ഡി.ഡി.ഇTVM/121/2022-B4 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/08/2022 ലെ ഇ.റ്റി5/6250/2022/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കടക്കാവൂർ SSPB ഹൈസ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപിക ശ്രീമതി. സീന, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.13568/2022 നമ്പേലുള്ള 02.06.2022 ലെ വിധിന്യായത്തിൽ എക്സിബിറ്റ് പി7, റിവിഷൻ ഹർജി ഹർജിക്കാരനേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേട്ട് 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രകാരം ഹർജിക്കാരുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 25.08.2022 തീയതിയിൽ നേരിൽ കേട്ടു

2. കടക്കാവൂർ SSPB ഹൈസ്കൂളിൽ 31/07/2013 മുതൽ LG ഹിന്ദി തസ്തികയിൽ നിയമനം അംഗീകരിച്ചു തുടർന്നു വരുന്ന ശ്രീമതി. സീനക്ക് കടക്കാവൂർ SSPB ഹൈസ്കൂളിലെ തന്നെ നിരസിക്കപ്പെട്ട താഴെ പറയുന്ന നിയമനങ്ങൾ അംഗീകരിച്ചു ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്

(1) 01/07/2011 മുതൽ LG ഹിന്ദി (LG ഹിന്ദി ആയിരുന്ന ശ്രീമതി.K.B.ലതയ്ക്ക്

സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ)

(2) 16/07/2012 മുതൽ HSA ഹിന്ദി (2012-13 അദ്ധ്യയന വർഷത്തെ അധികതസ്തികയിൽ)

3. എന്നാൽ ടി രണ്ടു നിയമനങ്ങളും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിരസിച്ചു. 2010-11 വർഷത്തെ അധികതസ്തികയിലാണ് ശ്രീമതി.K.B.ലതയെ 01.06.2010 മുതൽ LG ഹിന്ദി തസ്തികയിൽ നിയമിച്ചിരുന്നത്. ടിയാരിയുടെ നിയമനം 12.11.2012 ലെ നടപടി ഉത്തരവ് B2-6364/2012/D.D പ്രകാരം 01.06.2011 മുതൽ മാത്രം അംഗീകരിച്ചിരുന്നു. 2011-12 അദ്ധ്യയന വർഷത്തിൽ HST ഹിന്ദിയുടെ ഒരു അധിക തസ്തികക്ക് സാധ്യതയുണ്ടായിരുന്നതിനാൽ, LG ഹിന്ദി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.K.B.ലതക്ക് 01/06/2011 മുതൽ HST(ഹിന്ദി) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചു. നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

4. പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ പെറ്റീഷനും നിരസിച്ചു. സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീമതി.K.B.ലതക്ക് 01.06.2011 മുമ്പ് അംഗീകൃതസർവീസ് ഇല്ല എന്നും G.O.(P)നമ്പർ 199/2011//പൊ.വി.വ. തീയതി 01.10.2011 ലെ വെളിച്ചത്തിൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയാണ് ശ്രീമതി.K.B. ലതയുടെ നിയമനം അംഗീകരിച്ചതെന്നുള്ള കാരണം ഉന്നയിച്ചാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചത്.

5. ശ്രീമതി.K.B.ലതയുടെ 01.6.2010 മുതലുള്ള LG ഹിന്ദി തസ്തികയിൽ നിയമനം 01.06.2011 മുതൽ മാത്രം അംഗീകരിച്ചുതരുകയും, 01.06.2011 മുതലുള്ള HST (Hindi) തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നിരസിക്കുകയും ചെയ്തതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കുമ്പോൾ ചൂണ്ടികാട്ടിയ സർക്കാർ ഉത്തരവ് നമ്പർ 199/2011 തീയതി 01.10.2011 ന് ശേഷം വ്യക്തത നൽകികൊണ്ട് 25.10.2011 ൽ സർക്കാർ കത്ത് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ കത്ത് നമ്പർ 60930/J2/2011/G.Edn. തീയതി 25.10.2011. ടി കത്തിൽ 01.06.2011 മുമ്പുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം താഴെ പറയുംപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്

"That the approval for the period prior to 01/06/2011 may be given on a case to case basis in the second stage after KER amendment comes into effect".

6. 01/06/2010 മുതൽ നിയമനാംഗീകാരം ലഭിക്കേണ്ട ശ്രീമതി.K.B.ലതയുടെ നിയമനം 01/06/2011 മുതൽ അംഗീകരിച്ചത് ഒരു താത്കാലിക ഏർപ്പാടായി മാത്രം നടത്തിയിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്. അധ്യാപക പാക്കേജ് നടപ്പാക്കി കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ 199/2011/ തീയതി 01/10/2011 പുറപ്പെടുവിച്ചത് ശ്രീമതി..K.B. ലതയുടെ സ്ഥാനക്കയറ്റനിയമനം (01/06/2011) നടന്നുകഴിഞ്ഞ് 4 മാസം കഴിഞ്ഞാണ്. ശ്രീമതി..K.B .ലതയുടെ 01.06.2011 മുതലുള്ള HST ഹിന്ദി തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നിരസിച്ചതും അന്ന് (10.06.2011 ൽ) നിലവിലില്ലാത്ത G.o. (P)No.199/2011/G.Edn Dt 01.10.2011 ഉന്നയിച്ച് റിവിഷൻ പെറ്റിഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചതും നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധവും നീതിക്ക് നിരക്കാത്തതുമാണെന്നാണ് ഹർജിക്കാരിയുടെ വാദം.

7. ശ്രീമതി ലതയെ 01.06.2010 ൽ LG Hindi തസ്തികയിൽ നിയമിക്കുമ്പോൾ അതേ തീയതിയിൽ UPST ആയി നിയമിക്കപ്പെട്ടതും 01.06.2011 മുതൽ മാത്രം അംഗീകാരം ലഭിച്ചതുമായ ശ്രീമതി.ദിവ്യ.M.ദാസ് ന് 01.06.2011 മുതൽ HST (Eng) തസ്തികയിൽ സ്ഥാനക്കയറ്റനിയമനം നൽകിയത് 01.06.2011 മുതൽ തന്നെ ആറ്റിങ്ങൽ ജി.വി ആഫീസർ അംഗീകരിച്ചുനൽകിയിട്ടുണ്ട്. അതേപോലെ 01.06.2010 ൽ UPST ആയി നിയമിക്കപ്പെട്ടത് 01.06.2011 മുതൽ മാത്രം UPST ആയി അംഗീകരിച്ചു ലഭിച്ച ശ്രീമതി ബിന്ദു.ട.നായർ ടെയും 01.06.2011 മുതലുള്ള HST (N/S) തസ്തികയിലെ നിയമനം ആറ്റിങ്ങൽ ജി.വി. ആഫീസർ 01.06.2011 മുതൽ അംഗീകരിച്ചു നൽയിട്ടുണ്ട്. ശ്രീമതി K.B.ലതയുടെ 01.06.2011 മുതലുള്ള HST (Hindi) തസ്തികയിലെ സ്ഥാനക്കയറ്റനിയമനം അംഗീകരിച്ചിരുന്നു എങ്കിൽ തന്റെ 01.07.2011 മുതലുള്ള LG (Hindi) തസ്തികയിലെ നിയമനവും അംഗീകരിച്ചു ലഭിക്കുമായിരുന്നു.. 2011-12 വർഷം പ്രതീക്ഷിച്ചിരുന്ന അധിക തസ്തികയിൽ ശ്രീമതി.ലത K.B സ്ഥാനക്കയറ്റം നൽകിയും, 2012-13 വർഷം അനുവദിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന HST(Hindi) തസ്തികയിൽ തന്നെയും മാനേജർ നിയമിച്ചിരുന്നു. ഈയടുത്ത കാലത്താണ് 2011-12 അദ്ധ്യയന വർഷം HST (Hindi) അധികതസ്തിക അനുവദിച്ചിട്ടില്ല എന്നും, 2012-13 വർഷം മാത്രമാണ് അനുവദിച്ചതെന്നും അറിയുന്നത്. ഈ സാഹചര്യത്തിൽ ശ്രീമതി K.B.ലതയുടെ 2011-12 വർഷത്തെ സ്ഥാനക്കയറ്റ നിയമനം 2012-13 വർഷത്തെ അധികതസ്തികയിൽ പരിഗണിച്ച് അംഗീകരിച്ചു ലഭിക്കുന്നതിനും, ശ്രീമതി K.B. ലതയുടെ HST (Hindi)തസ്തികയിലെ

സ്ഥാനക്കയറ്റ നിയമനത്തിനനുസരണമായി എന്റെ LG (Hindi) തസ്തികയിലെ നിയമനവും അംഗീകരിച്ചു ലഭിക്കുന്നതിനും ആയാണ് താൻ ഹർജി സമർപ്പിച്ചിട്ടുള്ളത് എന്നാണ് ഹർജിക്കാരിയുടെ വാദം.

8. 2011-12 ലെ സ്റ്റാഫ് ഫിക്സേഷനിൽ HST ഹിന്ദി നാല് തസ്തിക ഉണ്ടായിരുന്നു. (ഒരു അധിക തസ്തിക ലഭ്യമായി) അത് പ്രകാരമാണ് ശ്രീമതി K.B. ലതയ്ക്ക് അന്നത്തെ മാനേജർ പ്രൊമോഷൻ നൽകിയത് എന്നാൽ 2011-12ലെ സ്റ്റാഫ് ഫിക്സേഷൻ ജില്ല വിദ്യാഭ്യാസ ഓഫീസർ ആറ്റിങ്ങൽ റിഫിക്സ് ചെയ്യുകയുണ്ടായി. അതിൽ HST ഹിന്ദി 3 തസ്തികയായി കുറഞ്ഞു. ആയതിനാൽ 2011-12 ൽ ശ്രീമതി K.B. ലതയ്ക്ക് പ്രമോഷൻ അർഹത ഉണ്ടായിരുന്നില്ല. 2012-13 ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം 2012-13 ൽ ഹിന്ദി നാല് തസ്തികയുണ്ട്. 2012-13 സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിലനിർത്തിയത് 11-9-2018 ലാണ്. 2012-13 സ്റ്റാഫ് ഫിക്സേഷൻ വന്നതും, പുനസ്ഥാപിച്ചതും വൈകിയതിനാലും മുൻ മാനേജർ മരണപ്പെട്ടതിനാലും ഇതുസംബന്ധിച്ച രേഖകൾ കണ്ടെടുക്കാൻ സാധിക്കാത്തത് കാരണം 2012-2013 ലെ ഹിന്ദി HST ആയിട്ടുള്ള ശ്രീമതി ലത കെ ബിയുടെ പ്രമോഷൻ പുനസമർപ്പിച്ചിട്ടില്ല. തുടർന്ന് ശ്രീമതി ലത കെ ബി 31.05.2022 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. ശ്രീമതി ലത കെ ബിയുടെ 2012-13 ലെ HST ഹിന്ദി പ്രമോഷൻ അംഗീകരിക്കുന്ന മുറക്ക് മാത്രമേ ശ്രീമതി സീന ജെ ക്ക് 2012-13ലെ എൽ.ജി. ഹിന്ദി തസ്തിക ലഭ്യമാകുകയുള്ളൂ. ആയതിനാൽ പ്രമോഷൻ പ്രൊപ്പോസൽ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി പരിഗണിച്ച് 2012-13 ഹിന്ദി പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് മാനേജരുടെ അപേക്ഷ.

9. ശ്രീമതി K.B.ലതയുടെ 01.06.2011 മുതലുള്ള HST (Hindi) സ്ഥാനക്കയറ്റ നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല. പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനായി മാനേജർ പ്രപ്പോസൽ സമർപ്പിച്ചത് 15/06/2016-ൽ ആയിരുന്നു. ആയതിൽ 5 വർഷത്തെ കാലതാമസം ഉള്ളതിനാൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 23/09/2016-ന് നിരസിച്ചിരുന്നു. ടി കാലതാമസം 24/07/2019-ലെ ഇ.റ്റി5/6024/2019/ഡി.പി.ഐ നമ്പർ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മാപ്പാക്കി നൽകി എങ്കിലും പ്രപ്പോസൽ നാളിതുവരെ പുന:സമർപ്പിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി. സീന.ജെ-യ്ക്ക് നിയമനം നൽകാൻ ഒഴിവ് സ്ഥാപിതമല്ല. 08/08/2017-ലെ ബി2/4690(എ)/2017/ഡി.ഡിസ് നമ്പർ

ഉത്തരവ് പ്രകാരം 2011-12 വർഷത്തെ തസ്തിക നിർണ്ണയം പരിഷ്കരിച്ചപ്പോൾ 3 എച്ച്.എസ്.റ്റി ഹിന്ദി തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ ശ്രീമതി.ലത.കെ.ബി-യ്ക്ക് 01/06/2011 മുതൽ സ്ഥാനക്കയറ്റ നിയമനം നൽകാൻ 2011-12 വർഷത്തിൽ തസ്തിക ലഭ്യമല്ല. ആയതിനാൽ 01/07/2011 മുതലുള്ള ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) നിയമനം ലഭിക്കണം എന്ന ശ്രീമതി.സീന.ജെ-യുടെ ആവശ്യവും പരിഗണിക്കാൻ സാധിക്കുകയില്ല. 14/11/2018-ലെ പരിഷ്കരിച്ച തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ ബി2/6218/2018 പ്രകാരം 2012-13 അധ്യയന വർഷത്തിൽ മാത്രമാണ് ഒരു അധിക എച്ച്.എസ്.റ്റി ഹിന്ദി തസ്തിക ലഭ്യമാകുകയും, ആകെ എച്ച്.എസ്.റ്റി ഹിന്ദി തസ്തികകൾ 4 ആകുകയും ചെയ്യുന്നത്. ശ്രീമതി.ലത.കെ.ബി-യ്ക്ക് സ്ഥാനക്കയറ്റം നൽകാൻ 2012-13 വർഷത്തിൽ മാത്രമേ തസ്തിക ലഭ്യമാകുന്നുള്ളു. മേൽ തസ്തികയിൽ മാനേജർ ശ്രീമതി.ലത.കെ.ബി-യെ നിയമിച്ച് പ്രപ്പോസൽ സമർപ്പിക്കുകയും അയത് കാലതാമസം മാപ്പാക്കിയുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് അംഗീകരിക്കുകയും ചെയ്തതിനു ശേഷം മാത്രമേ 2012-13 വർഷത്തിൽ ശ്രീമതി. സീന.ജെ യ്ക്ക് നിയമനം നൽകുന്നതിന് ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക ലഭ്യമാകുകയുള്ളു എന്നാണ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്.

10. സർക്കാർ ഈ വിഷയം നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ , ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

11. ശ്രീമതി K.B.ലതയുടെ 01.06.2011 മുതലുള്ള HST (Hindi) തസ്തികയിലെ സ്ഥാനക്കയറ്റനിയമനം അംഗീകരിച്ചിരുന്നു എങ്കിൽ ശ്രീമതി. സീനയുടെ 01.07.2011 മുതലുള്ള LG (Hindi) തസ്തികയിലെ നിയമനവും അംഗീകരിച്ചു ലഭിക്കുമായിരുന്നു. 2011-12 വർഷം പ്രതീക്ഷിച്ചിരുന്ന അധിക തസ്തികയിൽ ശ്രീമതി.ലത K.B സ്ഥാനക്കയറ്റം നൽകിയും 2012-13 വർഷം അനുവദിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന HST(Hindi) തസ്തികയിൽ ശ്രീമതി. സീനയെ മാനേജർ നിയമിച്ചിരുന്നു. 2011-12 അദ്ധ്യയന വർഷം HST (Hindi) അധികതസ്തിക അനുവദിച്ചിട്ടില്ല എന്നും 2012-13 വർഷം മാത്രമാണ് അനുവദിച്ചത്. ഈ സാഹചര്യത്തിൽ ശ്രീമതി K.B.ലതയുടെ 2011-12 വർഷത്തെ സ്ഥാനക്കയറ്റ നിയമനം 2012-13 വർഷത്തെ അധികതസ്തികയിൽ പരിഗണിച്ച് അംഗീകരിച്ചു ലഭിക്കുന്നതിനും, ശ്രീമതി K.B. ലതയുടെ HST (Hindi) തസ്തികയിലെ സ്ഥാനക്കയറ്റ

നിയമനത്തിനനുസരണമായി ശ്രീമതി. സീനയുടെ LG (Hindi) തസ്തികയിലെ നിയമനം 16.07.2012 മുതൽ അംഗീകരിച്ചു ലഭിക്കണമെന്നുമാണ് ഹിയറിംഗ് വേളയിൽ ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്.

12. 01.06.2011-ൽ ശ്രീമതി. കെ.ബി.ലതയ്ക്ക് എൽ.ജി.ഹിന്ദി നിയമനം മാത്രമേ ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളൂ. ടിയാളുടെ 01.06.2011 മുതലുള്ള ഹൈസ്കൂൾ ടീച്ചർ ഹിന്ദി നിയമനത്തിനായി മാനേജർ പ്രൊപ്പോസൽ സമർപ്പിച്ച് 16.06.2016-ൽ മാത്രമാണ്. ടി നിയമനം 5 വർഷത്തെ കാലമതാമസം ഉള്ളതിനാൽ 28.04.2016-ലെ ബി2/3430/2016/കെ.ഡിസ്/ഡി.ഇ.ഒ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. പ്രസ്തുത നിയമനാംഗീകാര പ്രൊപ്പോസലിലെ കാലതാമസം 24.7.2019-ലെ ഇറ്റി 5/6024/2019/ഡി.പി.ഐ. ഉത്തരവ് പ്രകാരം മാപ്പാക്കി നൽകിയിരുന്നു. എന്നാൽ നാളിതുവരെ മാനേജർ പ്രസ്തുത പ്രൊപ്പോസൽ പുന സമർപ്പിച്ചിട്ടില്ല. ടി പ്രൊപ്പോസൽ മാനേജർ പുനഃസമർപ്പിച്ച് ആയത് പരിശോധിച്ച്, 01.06.2011 മുതൽ ശ്രീമതി കെ.ബി.ലതയുടെ എച്ച്.എസ്.റ്റി. ഹിന്ദി നിയമനം അംഗീകരിക്കപ്പെട്ടാൽ മാത്രമേ ശ്രീമതി സീനയ്ക്ക് എൽ.ജി. ഹിന്ദി തസ്തിക ലഭ്യമാകുന്നുള്ളു. മാത്രവുമല്ല ശ്രീമതി സീനയുടെ 16.07.2012 (2012-13 അദ്ധ്യയന വർഷത്തെ അധികതസ്തികയിൽ) മുതലുള്ള നിയമനത്തിനായി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമുണ്ട്. മാത്രമല്ല KER ൽ മുൻകാല പ്രാബല്യത്തിൽ നിയമന ഉത്തരവ് നൽകുന്നതിന് വ്യവസ്ഥയില്ല.

13. കൂടാതെ, ശ്രീമതി ലത കെ ബി 31.05.2022 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും, ടിയാൾ 01.06.2011 മുതലുള്ള ഹൈസ്കൂൾ ടീച്ചർ ഹിന്ദി നിയമനത്തിനായി അപേക്ഷയൊന്നും സമർപ്പിച്ചിട്ടുമില്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുമായി ബന്ധപ്പെട്ടതിൽ അറിഞ്ഞിട്ടുണ്ട്.

14. മേൽ സാഹചര്യത്തിൽ, ശ്രീമതി . സീന ജെ യുടെ 31.07.2013 മുതലുള്ള നിയമനാംഗീകാരത്തിനായി സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കുവാൻ സാധിക്കുകയില്ല . ഹർജി നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം. 13568/2022 മേലുള്ള പരാമർശം 1 വിധിന്യായം

സ.ഉ.(സാധാ) നം.5717/2022/GEDN

പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം- 695036

ജില്ലാവിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ

ശ്രീമതി.സീന.ജെ, എൽ.ജി.ഹിന്ദി അദ്ധ്യാപിക, SSPB ഹൈസ്കൂൾ, കടയ്ക്കാവൂർ, തിരവനന്തപുരം ജില്ല

മാനേജർ, ശ്രീ സേതുപാർവതിഭായി ഹയർസെക്കന്ററി സ്കൂൾ, കടയ്ക്കാവൂർ, ആറ്റിങ്ങൽ, തിരവനന്തപുരം ജില്ല- 695306

പ്രിൻസിപ്പാൾ, ശ്രീ സേതുപാർവതിഭായി ഹയർസെക്കന്ററി സ്കൂൾ, കടയ്ക്കാവൂർ, ആറ്റിങ്ങൽ, തിരവനന്തപുരം ജില്ല- 695306

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 01-10-2022 11:53:53
സെക്ഷൻ ഓഫീസർ